**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2870** **13-02-2024 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | കേരള ബാങ്ക് രൂപീകരിച്ചതിനു ശേഷം പ്രസ്തുത സ്ഥാപനം കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സമൂഹത്തിലെ എല്ലാത്തരം ജനവിഭാഗത്തിന്റെയും നിക്ഷേപ ആവശ്യങ്ങൾ നിറവേറ്റാൻ ഉതകുന്ന രീതിയിലുള്ള വിവിധതരം നിക്ഷേപ പദ്ധതികൾ കേരള ബാങ്കായതിന് ശേഷം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, അപെക്സ് ലെവൽ സഹകരണ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരാണ് കേരള ബാങ്കിന്റെ പ്രധാന ഉപഭോക്താക്കൾ. കേരള ബാങ്ക് വ്യക്തിഗത വായ്പാ വിതരണത്തിനും വൈവിധ്യവൽകരണത്തിനുമായി വിവിധതരം വായ്പാ പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ NABARD പുനർ വായ്പാ പദ്ധതിയിലൂടെ ദീർഘകാല കാർഷിക വായ്പയും നൽകിയിട്ടുണ്ട്. സ്വയം സഹായ സംഘങ്ങൾക്കും (SHG), കൂട്ടുബാദ്ധ്യയത സംഘങ്ങൾക്കും (JLG) വേണ്ടി Micro Finance Scheme ൽ വായ്പകൾ നൽകുന്നു. പുതിയ തൊഴിൽ സംരംഭകർക്കും, വിദഗ്ധ തൊഴിലാളികൾക്കും, ചെറുകിട വ്യാപാരികൾക്കും, കരാർ സേവനദാതാക്കൾക്കും, ടൂറിസം മേഖലയിലെ സംരംഭകർക്കും, ഹോട്ടൽ റെസ്റ്റോറന്റ് ഉടമകൾക്കും, ഭൂവികസനത്തിനുള്ള ഉപകരണങ്ങളുടെ operator/ ഉടമകൾക്കും, ചെറുകിട നാമമാത്ര കർഷകർക്കും പ്രയോജനപ്രദമായ MSME വായ്പാ പദ്ധതികൾ ബാങ്ക് നടപ്പിലാക്കി വരുന്നു.<br><br>നിലവിൽ കേരള ബാങ്കിന് 823 ശാഖകളും "എ" ക്ലാസ് മെമ്പർമാരായി 1668 പ്രാഥമിക സഹകരണ സംഘങ്ങളും ഉണ്ട്. 31-03-2023 ലെ ബാങ്കിന്റെ ആകെ ബിസിനസ് 1,21,204.39 കോടി രൂപ ആണ്. ബാങ്കിന്റെ നിക്ഷേപം 74,152.32 കോടി രൂപയും, വായ്പ 47,052.07 കോടി രൂപയുമാണ്. |

കേരള ബാങ്കിന്റെ ഏകീകൃതവും ഏറ്റവും നൂതനവുമായ കോർ ബാങ്കിംഗ് സംവിധാനം 2022 ഡിസംബർ മാസത്തോടെ നിലവിൽ വന്നു. ഇതോടെ കേരള ബാങ്കിന്റെ ശാഖകളിൽ വാണിജ്യ ബാങ്കുകളിലെപ്പോലെ RTGS/NEFT/IMPs, ATM, Micro ATM, NACHമുതലായ ഡിജിറ്റൽ സേവനങ്ങൾ ലഭ്യമാണ്, സംഘങ്ങൾക്കും സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും വെവ്വേറെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ നിലവിൽ ലഭ്യമാണ്. ഇതുവഴി ശാഖ സന്ദർശിക്കാതെ തന്നെ വിവിധ ബാങ്കിംഗ് ഇടപാടുകൾ നടത്താൻ കഴിയും. ആവശ്യമായ അനുമതികൾ ലഭ്യമാകുന്ന മുറയ്ക്ക് വിദേശ നാണ്യ ഇടപാടുകൾ, ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവ ആരംഭിക്കുന്നതാണ്.

കേരള ബാങ്ക് രൂപീകരിച്ച ശേഷം സമൂഹത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും ഉതകുന്ന രൂപത്തിൽ പല വിധത്തിലുള്ള CASA (കറണ്ട്/സേവിംഗ്സ് അക്കൗണ്ടുകൾ) ആരംഭിച്ചിട്ടുണ്ട്.

അവയിൽ പ്രധാനപ്പെട്ടവ ചുവടെ ചേർക്കുന്നു.

KB സീനിയർ സിറ്റിസൺ സേവിംഗ്സ്

KB വനിതാ സേവിംഗ്സ്

KBയംഗ് സേവിംഗ്സ്

KB മൈനർ സേവിംഗ്സ്

KB സഹായം സേവിംഗ്സ്

KB പെൻഷനർ സേവിംഗ്സ്

KB കുടുംബം സേവിംഗ്സ്

KBഫീഡം സേവിംഗ്സ് (PACS)

**കേരള ബാങ്ക് വായ്പാ പദ്ധതികൾ**

സൂക്ഷ്മ ചെറുകിട ഇടത്തര വായ്പാ പദ്ധതി വഴി സ്റ്റാർട്ടപ്പുകൾക്കും സ്വയം സംരംഭകർക്കും വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വായ്പകൾ അനുവദിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ വിവിധോദ്ദേശ സേവന കേന്ദ്രങ്ങളാക്കി മാറ്റുന്ന PACS as MSC നബാർഡ് സ്കീം ആരംഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ സമഗ്രമായ വികസനം ലക്ഷ്യമാക്കി കേരള ബാങ്ക് KB SAMMAGRA PACS എന്ന വായ്പാ സ്കീം നടപ്പാക്കുന്നുണ്ട്.

പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ കൂടാതെ സംസ്ഥാനത്ത് പ്രവർത്തിച്ച് വരുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾക്കും തത്തുല്യമായ സംഘങ്ങൾക്കും അഗ്രികൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (AIF) സ്കീമിൽ നിന്നുള്ള 3% പലിശ സബ്സിഡിയോട് കൂടിയ വായ്പ നൽകി വരുന്നുണ്ട്. ആയത് ഇതര സഹകരണ സംഘങ്ങൾ വഴി കാർഷിക മേഖലയെ പരിപോഷിക്കുന്നതിന് സഹായകരമാകും. ഈ പദ്ധതി പ്രകാരം 400 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

കേരള ബാങ്കിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനും സംസ്ഥാനത്തിന്റെ വികസനത്തിന് തദ്ദേശ സ്ഥാപനങ്ങളും പ്രാഥമിക സംഘങ്ങളും ഒത്തു ചേർന്ന പ്രവർത്തിക്കുന്നതിന് ആവശ്യമായ ശുപാർശകൾ നൽകുന്നതിന് ഒരു വിദഗ്ധ സമിതിയെ സർക്കാർ നിയമിച്ചിട്ടുണ്ട്. ഈ സമിതിയുടെ പ്രവർത്തനം നടന്നു വരികയാണ്.

കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കായി മാറ്റുക എന്ന ലക്ഷ്യത്തിലേയ്ക്ക് അതിവേഗം എത്തിക്കുന്നതിനായി 2023 നവംബർ 1 മുതൽ 2024 ഫെബ്രുവരി 8 വരെ നീണ്ടു നിൽക്കുന്ന 100 ദിന തീവ്ര കർമ്മ പരിപാടി Mission Rainbow 2024 എന്ന പേരിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. തീവ്ര കുടിശ്ശിക നിവാരണം, മികവുറ്റ SMA മാനേജ്മെന്റ്, ഊർജ്ജസ്വലമായ ഡിജിറ്റൽ ബാങ്കിംഗ് ക്യാമ്പയിൻ, CASA, ക്യാമ്പയിൻ, അതിവേഗ വായ്പാ വിതരണ ക്യാമ്പയിൻ, ഊർജ്ജിത ഗോൾഡ് ലോൺ ക്യാമ്പയിൻ, PACS/UCB കളുമായി ബഹുതല സംയോജനം എന്നീ 7 മേഖലകൾ കേന്ദ്രികരിച്ചാണ് 100 ദിന കർമ്മ പദ്ധതി നടപ്പിലാക്കുന്നത്.

സഹകരണ ബാങ്കിംഗ് മേഖലയിലെ പ്രവർത്തന മികവിന് കേരള ബാങ്കിന് ദേശീയ തലത്തിൽ അവാർഡ് ലഭിച്ചു. 2019-20, 2020-21, 2021-22 വർഷങ്ങളിൽ സഹകരണ മേഖലയിൽ മികച്ച പ്രവർത്തനം കാഴ്ച വച്ചതിന് നാഷണൽ ഫെഡറേഷൻ ഓഫ് സ്റ്റേറ്റ് കോ- ഓഷറ്റീവ് ബാങ്ക് (NAFSCOB) ഏർപ്പെടുത്തിയ അവാർഡിൽ പ്രഥമസ്ഥാനമാണ് കേരള ബാങ്കിന് ലഭിച്ചത്.

| | | | |
|---|---|---|---|
| | | | .ജനാധിപത്യ രീതിയിലുള്ള പ്രവർത്തനം, വിഭവസമാഹരണവും വികസനവും, ബാങ്കിംഗ് സേവനങ്ങൾ പരമാവധി ഉണഭോക്താക്കളിലേക്ക് എത്തിക്കുന്നതിൽ കൈവരിച്ച വിജയം, മികച്ച് റിക്കവറി പ്രവർത്തനങ്ങൾ, കുടിശ്ശിക നിർമ്മാർജ്ജനം, സാമ്പത്തിക സാക്ഷരതാ രംഗത്തുണ്ടായ മുന്നേറ്റം വിവേകപരമായ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുള്ള മാർഗ്ഗനിർദ്ദേശപാലന രീതി, മികച്ച ലാഭനേട്ടം, ഭരണ നൈപുണ്യം, വിവര സാങ്കേതിക വിദ്യയിലും കമ്പ്യൂട്ടറൈസേഷനിലും ഉണ്ടായ നേട്ടങ്ങൾ, നേതൃത്വപാടവം തുടങ്ങിയവ പരിഗണിച്ചാണ് പ്രവർത്തന മികവിനുള്ള അവാർഡ് കേരള ബാങ്കിന് ദേശീയതലത്തിൽ ലഭിച്ചത് |
| (ബി) | കേരള ബാങ്കിന്റെ ഡിജിറ്റലൈസേഷൻ പ്രവർത്തനങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നറിയിക്കാമോ; | (ബി) | മലപ്പുറം ഒഴികെ 13 ജില്ലകളിലുമുള്ള കേരള ബാങ്ക് ശാഖകൾ ഏകികൃത സോഫ്റ്റ് വെയറിൽ പ്രവർത്തിച്ച് കൊണ്ടിരിക്കുന്നു. മലപ്പുറം ജില്ലയിൽ കേരള ബാങ്കിന്റെ മൈഗ്രേഷൻ പ്രൊസ്സസിന്റെ മുന്നൊരുക്കങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. നിലവിൽ കേരള ബാങ്കിൽ ആധുനിക സൗകര്യങ്ങളായ മൊബൈൽ ബാങ്കിംഗ് UPI സേവനങ്ങൾ, ATM, IMPS, Bill Payment, AADHAAR Enabled Payment System, RTGS, NEFT, CTS, NACH, ECS, PFMS, PBT എന്നിവ ലഭ്യമാണ്. സഹകരണ സംഘങ്ങൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുമായി പ്രത്യേക മൊബൈൽ ആപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| (സി) | പ്രധാന നഗരങ്ങളിലും സാധാരണക്കാർ ആശ്രയിക്കുന്ന ചെറുപട്ടണങ്ങളിലും എ.ടി.എം. കൗണ്ടർ ആരംഭിക്കുന്നതിന് കേരളബാങ്ക് തയ്യാറാവുമോ; വിശദമാക്കാമോ? | (സി) | പ്രധാനപ്പെട്ട പ്രദേശങ്ങളിൽ നിലവിൽ കേരള ബാങ്കിന് 139 എ.ടി.എം. കളാണുള്ളത്. RBI ലൈസൻസ് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ off site ATM ആരംഭിക്കാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ